# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1055      12.06.2014 -ലെ മറുപടിയ്ക്ക്.**

**പ്ലസ് വൺ പ്രവേശനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, ബി. സത്യൻ<br>,, എ. എം. ആരിഫ്<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2013-2014 ലെ എസ്.എസ്.എൽ.സി. പരീക്ഷാഫലം നേരത്തേ തന്നെ പ്രഖ്യാപിച്ചിട്ടും പ്ലസ് വൺ പ്രവേശനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടായതിനുള്ള കാരണം വിശദമാക്കാമോ; | (എ) പ്ലസ് വൺ പ്രവേശന നടപടികളിൽ കാലതാമസം ഉണ്ടായിട്ടില്ല. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ്വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ, അപേക്ഷകർക്ക് തന്നെ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം 2014 മെയ് 26 മുതൽ ലഭ്യമാക്കുകയും, ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്കായി അപേക്ഷ ഫാറവും പ്രോസ്പക്ടസും പ്രിൻറ് ചെയ്ത് ജൂൺ ആദ്യവാരത്തോടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഏപ്രിൽ 16 ന് എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം വന്നിട്ടും പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത് മേയ് അവസാന വാരത്തിലേക്ക് നീട്ടിയത് സി.ബി.എസ്.ഇ. ഫലപ്രഖ്യാപനം വരാൻ കാത്തിരുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |

| | | | |
|---|---|---|---|
| (സി) | പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷാ ഫീസ് ഈടാക്കുന്നുണ്ടോ; എത്ര തുകയാണ് അപേക്ഷാഫീസായി സ്വീകരിക്കുന്നത്; പ്രസ്തുത തീരുമാനം സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷാ ഫീസ് ഈടാക്കുന്നുണ്ട്. 25 രൂപയാണ് അപേക്ഷാ ഫീസ്സായി ഈടാക്കുന്നത്. ഇത് സാധാരണക്കാരായ വിദ്യാർഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | അധിക ബാച്ചുകൾ അനുവദിക്കാൻ വൈകുന്നത് വിദ്യാർത്ഥികൾക്ക് ഇഷ്ടപ്രകാരമുള്ള കോഴ്സും സ്കൂളും തെരഞ്ഞെടുക്കാനുള്ള അവകാശത്തെ എതിരായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ